"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

**കായിക യുവജനകാര്യ വകുപ്പ് - കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ കണ്ണൂർ ജില്ലാ സ്റ്റേഡിയമായ മുണ്ടയാട് ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയം & സ്പോർട്സ് കോംപ്ലക്സ്, കണ്ണൂർ കില ക്യാമ്പസിലേക്ക് മാറ്റി നിർമ്മിക്കുന്നതിന് പുതുക്കിയ ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**കായിക യുവജനകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.41/2025/S&YA തീയതി,തിരുവനന്തപുരം, 15-02-2025

---

പരാമർശം:- 1. 15.05.2017-ലെ സ.ഉ. (സാധാ) നം: 95/2017/കായുവ

2. 14.10.2022-ലെ സ.ഉ. (സാധാ) നം: 267/2022/കായുവ

3. കായിക യുവജനകാര്യ ഡയറക്ടറുടെ 19.11.2024-ലെ എ1-7037/22/ഡിഎസ്.വൈഎ നമ്പർ കത്ത്.

**ഉത്തരവ്**

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ മറ്റു കായിക ഇൻഫ്രാസ്ട്രക്ചർ പദ്ധതികൾക്കൊപ്പം കണ്ണൂർ ജില്ലാ സ്റ്റേഡിയമായ മുണ്ടയാട് ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയം & സ്പോർട്സ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് പരാമർശം (1) പ്രകാരം 48.18 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ടി പ്രവൃത്തികളുടെ എസ്.പി.വി ആയിരുന്ന കിറ്റ്കോ സമർപ്പിച്ച ഡി.പി.ആർ.-ന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതിയ്ക്ക് കിഫ്ബിയിൽ നിന്നും ₹41.02 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിരുന്നുവെങ്കിലും ടി സ്റ്റേഡിയം സ്ഥല പരിമിതി മൂലം നടപ്പിലാക്കാൻ സാധിച്ചിരുന്നില്ല. പിന്നീട് പരാമർശം (2) പ്രകാരം, സ്പോർട്സ് കേരള ഫൗണ്ടേഷനെ വിവിധ പദ്ധതികൾക്കൊപ്പം പ്രസ്തുത പദ്ധതിയുടെയും എസ്.പി.വി ആയി നിയമിച്ച ഉത്തരവ് പുറപ്പെടുവിച്ചിരുന്നു .

ബഹു. തളിപ്പറമ്പ് നിയോജക മണ്ഡല എം.എൽ.എ-യുമായി ചർച്ചകൾക്കു ശേഷം , കണ്ണൂർ കില ക്യാമ്പസിൽ പ്രസ്തുത സ്റ്റേഡിയം നിർമ്മിക്കുന്നതിന് MOU -ൽ ഏർപ്പെടാൻ കില അധികാരികൾ താൽപ്പര്യം പ്രകടിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ എഞ്ചിനീയർമാർ സ്ഥലം സന്ദർശിച്ച് തയ്യാറാക്കിയ 45.05 കോടി രൂപയുടെ എസ്റ്റിമേറ്റ് പുതുക്കിയ ഭരണാനുമതിയ്ക്കായി പരാമർശം (3) പ്രകാരം കായികയുവജനകാര്യ ഡയറക്ടർ സമർപ്പിച്ചിരിക്കുന്നു.

| CONSTRUCTION OF DISTRICT STADIUM KANNUR AT KILA CAMPUS , THALIPARAMBA | | |
|---|---|---|
| Sl.No | Components | Amount |
| 1. | Site Development | |
| | i.Site Clearing & Earth protection work | 1,50,00,000/- |
| | ii.Compound Wall & Fencing | 30,00,000/- |

| | | |
|---|---|---|
| | iii.Internal Drainage System | 80,00,000/- |
| | iv.Security Cabin & Toilet Block | 15,80,000/- |
| | v.Landscaping Work | 5,00,000/- |
| | vi.Internal Roads/Pavement | 40,00,000/- |
| 2 | 8 Lane 400m Synthetic Track and Football Turf | 11,00,00,000/- |
| 3 | Pavilion & Gallery | 9,00,00,000/- |
| 4 | Gallery | 7,50,00,000/- |
| 5 | Administrative Block | 11,00,00,000/- |
| 6 | Flood Light Works | 1,10,00,000/- |
| 7 | MEP Works | 1,40,00,000/- |
| 8 | Sump and Pump Room | 85,00,000/- |
| | Total | 45,05,80,000/- |

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ കണ്ണൂർ ജില്ലാ സ്റ്റേഡിയമായ മുണ്ടയാട് ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയം & സ്പോർട്സ് കോംപ്ലക്സ്, കണ്ണൂർ കില ക്യാമ്പസിലേക്ക് മാറ്റി, മുകളിൽ ചേർത്തിരിക്കുന്ന എസ്റ്റിമേറ്റ് പ്രകാരം 45.058 കോടി രൂപയ്ക്ക് നിർമ്മിക്കുന്നതിന് പുതുക്കിയ ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ജയറാംകുമാർ ആർ

ജോയിന്റ് സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കിഫ്ബി, വഴുതക്കാട്, തിരുവനന്തപുരം

കായികയുവജനകാര്യ ഡയറക്ടർ

സെക്രട്ടറി, കേരള സ്റ്റേറ്റ് സ്പോർട്ട്സ് കൗൺസിൽ, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, സ്പോർട്ട്സ് കേരള ഫൗണ്ടേഷൻ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം

ധനകാര്യ (ഇൻഫ്രാസ്ട്രക്ചർ) വകുപ്പ് (ഇൻഫ്രാ7/5/2025-ധന പ്രകാരം)

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ (വിവര, പൊതുജന സമ്പർക്ക വകുപ്പ്)

ഉത്തരവിൻ പ്രകാരം

Signed by Rajee R Pillai
Date: 15-02-2025 15:51:00

സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു. കായിക വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

കായികയുവജനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.-യ്ക്ക്

കായികയുവജനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.-യ്ക്ക്